## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. പോൾ ജോർജ്ജ്, ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി) നിയമന ഉത്തരവിനായി കാത്തിരുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. ഇഎ1- 50903/2022/ആ.വ.ഡ തീയതി 06.08.2022
2. നം. എ1- 13722/22/ജി.മെ.ആ(ആ) വയനാട് തീയതി 03.10.2022

**ഉത്തരവ് നം. ഇ.എ1- 4058/2022/ആ.വ.ഡ തീയതി 29.11.2022**

ആരോഗ്യവകുപ്പിൽ റേഡിയോതെറാപ്പി വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. പോൾ ജോർജ്ജ്, അന്യത്രസേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തുനിന്ന 01.08.2022 മുതൽ 09.08.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ആരോഗ്യവകുപ്പിൽ റേഡിയോതെറാപ്പി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി ചെയ്ത് വരവെ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ അന്യത്രസേവനത്തിൽ പ്രവേശിച്ച ഡോ. പോൾ ജോർജ്ജ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി) തസ്തികയിൽ നിയമനം നൽകി ഉത്തരവ് നൽകുകയും 31.07.2022 അപരാഹ്നത്തിൽ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്ററിൽ നിന്നും വിടുതൽ ചെയ്ത ടിയാൻ 10.08.2022 പൂർവ്വാഹ്നത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ റേഡിയോതെറാപ്പി വിഭാഗം ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. പോൾ ജോർജ്ജ് അന്യത്രസേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 01.08.2022 മുതൽ 09.08.2022 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം 1ലെ, ചട്ടം 12(7) നു ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**

**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ഡോ. പോൾ ജോർജ്ജ്, ജൂനിയർ കൺസൾട്ടന്റ് (റേഡിയോതെറാപ്പി)

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), വയനാട്
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി മാനന്തവാടി, വയനാട്
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**